**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2503** **24-06-2024 - ൽ മറുപടിയ്ക്ക്**

**ടേൺ ഓവർ ടാക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും ബാർ ഹോട്ടലുകൾ കോമ്പോസിഷൻ നിരക്കിൽ ടേൺ ഓവർ ടാക്സ് ഒടുക്കുന്നുണ്ടോ; | (എ) | കേരള പൊതു വിൽപ്പന നികുതി നിയമം, 1963 വകുപ്പ് 7 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി ബാർ ഹോട്ടലുകൾക്ക് അവർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരം കോമ്പൗണ്ട് നിരക്കിൽ നികുതി അടയ്ക്കാവുന്നതാണ്. അത്തരം ഓപ്ഷൻ സമർപ്പിച്ച ബാർ ഹോട്ടലുകൾ കോമ്പോസിഷൻ നിരക്കിൽ നികുതി ഒടുക്കിവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പ് നടത്തിയ പരിശോധനകൾ എത്രയെണ്ണമെന്ന് വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; പ്രസ്തുത പരിശോധനയിലൂടെ ലഭിച്ച വസ്തുതകൾ വച്ച് നികുതി നിർണ്ണയം പൂർത്തികരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ വർഷം, അഡീഷണൽ ഡിമാന്റ്, കളക്ഷൻ എന്നിവ തിരിച്ച് ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനകൾ സംബന്ധിച്ച വിവരം അനുബന്ധമായി (അനുബന്ധം-1) ചേർക്കുന്നു.<br><br>2017-നു ശേഷം നികുതി വകുപ്പ് 112 ബാർ ഹോട്ടലുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. ഇപ്രകാരം നടത്തിയ പരിശോധനയിലൂടെ ലഭിച്ച വസ്തുതകൾ വച്ച് സംസ്ഥാനത്തെ 66 ബാർ ഹോട്ടലുകളിൽ നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല, വർഷം, അഡീഷണൽ ഡിമാൻഡ്, കളക്ഷൻ എന്നിവ തിരിച്ചുള്ള കണക്ക് അനുബന്ധമായി (അനുബന്ധം-2) ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തെ ബാർ ഹോട്ടലുകളുടെ നികുതി നിർണ്ണയം 2017 മുതൽ 2023 വരെയുള്ള കാലയളവിൽ എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടായിരുന്നുവെന്നും അതിൽ എത്രയെണ്ണം പൂർത്തീകരിച്ചുവെന്നും ഇനി എത്രയെണ്ണം പൂർത്തീകരിക്കാനുണ്ടെന്നും അറിയിക്കുമോ; | (സി) | 31.03.2024 വരെയുള്ള ബാർ ഹോട്ടൽ അസ്സസ്മെന്റ് പ്രൊഫോർമ റിപ്പോർട്ട് പ്രകാരം ജില്ലകളിൽ നിന്നും ലഭ്യമാക്കിയിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ 2017-18 മുതൽ 2022-23 സാമ്പത്തിക വർഷം വരെ സംസ്ഥാനത്ത് ബാർ ഹോട്ടലുകളിൽ നിന്നും കേരള പൊതു വിൽപന നികുതി നിയമം, 1963 പ്രകാരം നികുതി നിർണ്ണയം പൂർത്തീകരിക്കാനുണ്ടായിരുന്നതും പൂർത്തീകരിച്ചതും ഇനി പൂർത്തീകരിക്കാനുള്ളതും ആയ ബാറുകളുടെ എണ്ണം അനുബന്ധമായി (അനുബന്ധം-3) ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | നികുതി നിർണ്ണയം പൂർത്തീകരിച്ചതിൽ നിന്ന് ലഭിച്ച അഡീഷണൽ ഡിമാന്റിന്റെ കളക്ഷൻ എത്രയാണെന്നും പിരിഞ്ഞ് കിട്ടാനുള്ളത് എത്രയാണെന്നും അറിയിക്കാമോ; | (ഡി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന കെ.ജി.എസ്.ടി നിയമത്തിനു കീഴിൽ സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ നിന്നും 2022-23 സാമ്പത്തിക വർഷം 31.03.2023 വരെ ഉള്ള കുടിശ്ശിക തുക കണക്കുകൾ പ്രകാരം 499.84 കോടി രൂപയാണ്. ആയതിൽ കളക്ഷൻ 113.18 കോടി രൂപയാണ്. റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 250.47 കോടി രൂപയാണ്. ഇതിൽ 47.42 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 88.77 കോടി രൂപ മറ്റ് നടപടികളിൽ (റെമിഷൻ ഉൾപ്പെടെ) ഉൾപ്പെട്ടിട്ടുള്ളതുമാണ്. |
| (ഇ) | 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തെ എല്ലാ ബാറുകളിലും പരിശോധന നടത്തുവാൻ സർക്കാർ തയ്യാറുകുമോ; എങ്കിൽ ബാറുകൾ നൽകുന്ന നികുതി റിട്ടേണിലേയും യഥാർഥ വിറ്റ് വരവിലെയും ലാഭ ശതമാനവും പരിശോധിച്ച് നികുതി നിർണ്ണയം നടത്തുവാൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കാമോ? | (ഇ) | നിലവിൽ ബാർ ഹോട്ടലുകൾ വിറ്റുവരവ് കുറച്ചു കാണിച്ചിട്ടുള്ളതായി കണ്ടെത്തുകയോ, നികുതി അടയ്ക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ, അടയ്ക്കേണ്ട നികുതി പൂർണ്ണമായി അടച്ചിട്ടില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ, അവർക്കെതിരെ കേരള പൊതു വില്പന നികുതി നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസ്സസ്സ്മെന്റ് നടപടികൾ പൂർത്തികരിക്കുകയും കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. റിട്ടേൺ ഫയൽ ചെയ്ത് യഥാസമയം നികുതി അടയ്ക്കാത്തവർക്കുമേൽ കേരള പൊതു വിൽപ്പന നികുതി നിയമം, 1963 പ്രകാരം, പെനാൽറ്റി ചുമത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗവും ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തുടർന്നും റിട്ടേൺ പരിശോധനയിലൂടെയോ മറ്റു ഡിപ്പാർട്ട്മെന്റൽ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായോ ഏതെങ്കിലും ബാർ ഹോട്ടലുകൾ നിയമപ്രകാരമുള്ള നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നുവെന്നു ശ്രദ്ധയിൽ പെട്ടാൽ കേരള പൊതു വില്പന നികുതി നിയമം, 1963 പ്രകാരമുള്ള നടപടികൾക്ക് ടി ബാർ ഹോട്ടലുകൾ വിധേയമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം – 3

2017-18 മുതൽ 2022-23 സാമ്പത്തിക വർഷം വരെ സംസ്ഥാനത്ത് ബാർ ഹോട്ടലുകളിൽ നിന്നും കേരള പൊതു വിൽപന നികുതി നിയമം, 1963 പ്രകാരം നികുതി നിർണ്ണയം പൂർത്തീകരിക്കാനുണ്ടായിരുന്നതും പൂർത്തീകരിച്ചതും പൂർത്തീകരിക്കാനുള്ളതും ആയ ബാറുകളുടെ എണ്ണം

| സാമ്പത്തിക വർഷം | ബാറുകളുടെ നികുതി നിർണ്ണയം | | |
|---|---|---|---|
| | പൂർത്തീകരിക്കാൻ ഉണ്ടായിരുന്നത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാൻ ഉള്ളത് |
| 2017-18 | 766 | 766 | 0 |
| 2018-19 | 794 | 794 | 0 |
| 2019-20 | 839 | 832 | 7 |
| 2020-21 | 856 | 829 | 27 |
| 2021-22 | 867 | 665 | 202 |
| 2022-23 | 872 | 344 | 528 |

സെക്ഷൻ ഓഫീസർ

**അനുബന്ധം - 2**

2017-ന ശേഷം നികുതി വകുപ്പ് ബാർ ഹോട്ടലുകളിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ

| DISTRICT | NO OF ASSESSMENTS COMPLETED BASED ON THE INSPECTION | YEAR | ADDITIONAL DEMAND CREATED (In Rs) | COLLECTION (In Rs) |
|---|---|---|---|---|
| THIRUVANANTHAPURAM | 1 | 2019-20 | 16,94,159 | 0 |
| KOLLAM | 5 | 2013-14 | 6,27,505 | 0 |
| | | 2019-20 | 23,21,664 | 1,00,000 |
| | | 2021-22 | 10,57,813 | 10,57,813 |
| PATHANAMTHITTA | 4 | 2019-20 | 23,22,970 | 23,22,970 |
| ALAPPUZHA | 3 | 2018-19 | 3,03,547 | 0 |
| | | 2019-20 | 94,91,747 | 0 |
| | | 2023-24 | 3,13,719 | 0 |
| KOTTAYAM | 9 | 2019-20 | 25,59,176 | 24,89,444 |
| | | 2022-23 | 2,94,245 | 1,00,000 |
| IDUKKI | 9 | 2020-21 | 13,92,240 | 13,92,240 |
| | | 2021-22 | 19,01,435 | 0 |
| | | 2022-23 | 34,33,874 | 0 |
| | | 2023-24 | 1,026 | 0 |
| ERNAKULAM | 14 | 2019-20 | 31,25,313.14 | 32,94,173 |
| | | 2020-21 | 68,34,219.49 | 59,545 |
| | | 2021-22 | 18,88,944 | 34,630 |
| | | 2022-23 | 3,71,844 | 0 |
| | | 2023-24 | 1,54,760.60 | 0 |
| THRISSUR | 7 | 2019-20 | 32,42,637 | 6,90,825 |
| PALAKKAD | 1 | 2022-23 | 53,000 | 53,000 |
| MALAPPURAM | 1 | 2019-20 | 4,93,000 | 4,93,000 |

| | | | | |
|---|---|---|---|---|
| KOZHIKKODE | 5 | 2019-20 | 1,45,044 | 1,45,044 |
| | | 2021-22 | 73,13,281 | 26,49,435 |
| WAYANAD | 1 | 2019-20 | 2,81,595 | 2,81,595 |
| KANNUR | 4 | 2021-22 | 52,93,852 | 11,87,981 |
| KASARGOD | 2 | 2021-22 | 86,354 | 86,354 |
| **TOTAL** | **66** | | **5,79,98,964.23** | **1,64,38,049** |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ 2017-ന് ശേഷം നികുതി വകുപ്പിലെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം നടത്തിയ പരിശോധനകൾ സംബന്ധിച്ച വിവരം

| വർഷം | ജില്ല | പരിശോധനകളുടെ എണ്ണം |
|---|---|---|
| 2017-18 | കോട്ടയം | 1 |
| | പാലക്കാട് | 1 |
| 2018-19 | പരിശോധനകൾ നടന്നിട്ടില്ല | |
| 2019-20 | തിരുവനന്തപുരം | 3 |
| | കൊല്ലം | 9 |
| | പത്തനംതിട്ട | 4 |
| | ആലപ്പുഴ | 2 |
| | കോട്ടയം | 8 |
| | ഇടുക്കി | 8 |
| | എറണാകുളം | 19 |
| | തൃശ്ശൂർ | 7 |
| | പാലക്കാട് | 3 |
| | കോഴിക്കോട് | 7 |
| | മലപ്പുറം | 1 |
| | വയനാട് | 1 |
| | കണ്ണൂർ | 5 |
| | കാസർഗോഡ് | 1 |
| 2020-21 | ഇടുക്കി | 3 |
| | എറണാകുളം | 4 |
| | പാലക്കാട് | 2 |
| 2021-22 | തിരുവനന്തപുരം | 2 |
| 2023-24 | തിരുവനന്തപുരം | 1 |
| | കൊല്ലം | 1 |
| | പത്തനംതിട്ട | 1 |
| | ആലപ്പുഴ | 1 |

| | | |
|---|---|---|
| | കോട്ടയം | 1 |
| | ഇടുക്കി | 2 |
| | എറണാകുളം | 2 |
| | തൃശ്ശൂർ | 1 |
| | പാലക്കാട് | 1 |
| | കോഴിക്കോട് | 2 |
| | മലപ്പുറം | 1 |
| | വയനാട് | 1 |
| | കണ്ണൂർ | 2 |
| | കാസർഗോഡ് | 1 |
| 2024–25 | തിരുവനന്തപുരം | 3 |

**സെക്ഷൻ ഓഫീസർ**